**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1986** **03-03-2025 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിലെ എൽ.ഡി.സി ഒഴിവുകളും നിയമനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ 2025 ജൂലൈ 31 വരെ ഉണ്ടാകാനിടയുള്ള എൽ.ഡി.സി റിട്ടയർമെൻറ് ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ; | (എ) | 56 |
| (ബി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ അസിസ്റ്റൻറ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 170 എണ്ണം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | എൽ.ഡി.സി തസ്തികയിലേക്കുള്ള എൻ.ജെ.ഡി ഉൾപ്പെടെയുള്ള ഒഴിവുകളും, ആന്റിസിപ്പേറ്ററി ഒഴിവുകളും റിപ്പോർട്ട് ചെയ്തു ലിസ്റ്റിൽ നിന്നും പരമാവധി ആളുകൾക്ക് നിയമനം ലഭിക്കുവാൻ സഹായകരമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | എൽ.ഡി ക്ലാർക്ക് തസ്തികയിലെ 2025 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ 25.12.2024-ന് മുൻപും എൻ.ജെ.ഡി ഉൾപ്പടെയുള്ള മറ്റൊഴിവുകൾ സമയബന്ധിതമായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ നിയമനാധികാരികൾക്കും വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നേരിട്ട് അന്വേഷണം നടത്തിയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് ) വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. വകുപ്പുകളിലെ സ്ഥാനക്കയറ്റങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി എൻട്രി കേഡർ ഒഴിവുകൾ യഥാസമയം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശവും വകുപ്പദ്ധ്യക്ഷൻമാർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ